*Malayala Manorama*
*31 August 2018*
*Thiruvananthapuram;Afrer Flood,Critics,CPM*

# വിമർശിച്ചവർ മിണ്ടേണ്ട!

- പ്രത്യേകസമ്മേളനത്തിൽ വായടയ്ക്കപ്പെട്ട് ചെങ്ങന്നൂർ, റാന്നി, മാനന്തവാടി എംഎൽഎമാർ
- മൂവരും പ്രളയം ഏറ്റവും ദുരന്തം വിതച്ച മണ്ഡലങ്ങളുടെ സിപിഎം പ്രതിനിധികൾ

**മനോരമ ലേഖകൻ**

തിരുവനന്തപുരം● മഹാപ്രളയം വിഴുങ്ങിയ ചെങ്ങന്നൂരിന്റെയും റാന്നിയുടെയും മാനന്തവാടിയുടെയും എംഎൽഎമാരുടെ വായടച്ച് സിപിഎം. നിയമസഭയുടെ പ്രത്യേകസമ്മേളനത്തിൽ പ്രസംഗിക്കാൻ സജി ചെറിയാൻ (ചെങ്ങന്നൂർ), രാജു ഏബ്രഹാം (റാന്നി), ഒ.ആർ. കേളു (മാനന്തവാടി) എന്നിവർക്കു പാർട്ടി അവസരം നൽകിയില്ല. പ്രതിപക്ഷത്തിന്റെ ഔദാര്യത്തിൽ രാജുവിന് ഏതാനും വാക്കുകൾ പ്രതികരിക്കാനായി.

നാൽപ്പതോളം എംഎൽഎമാർ പ്രളയനിമിഷങ്ങൾ വിവരിച്ച സമ്മേളനത്തിലാണ് അതിന്റെ രൂക്ഷത നേരിട്ടറിഞ്ഞ മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന പ്രതിനിധികളെ നിശബ്ദരാക്കിയത്. പ്രളയവേളയിൽ സർക്കാരിനെ വിമർശിച്ചതാണു കാരണം. സൈന്യത്തെ വിളിക്കാൻ വൈകുന്നതിനെതിരെ സജി ചെറിയാൻ വിലാപത്തോടെ പൊട്ടിത്തെറിച്ചിരുന്നു. അണക്കെട്ടുകൾ തുറന്നുവിട്ടതു മുന്നറിയിപ്പില്ലാതെയാണെന്നു രാജു ഏബ്രഹാമും ബാണാസുര സാഗർ അണക്കെട്ട് തുറന്നതിനെതിരെ കേളുവും വിമർശനമുന്നയിച്ചിരുന്നു.

ഇവരുടെ പ്രതികരണങ്ങളിൽ മുഖ്യമന്ത്രി കടുത്ത അതൃപ്തിയിലായിരുന്നു. പ്രതിപക്ഷത്തിന് അടിക്കാനുള്ള വടി കൊടുത്തുവെന്ന പരാതിയായിരുന്നു അദ്ദേഹത്തിന്. തങ്ങൾ ഇപ്പോൾ പറയുന്ന കാര്യങ്ങൾ പ്രളയവേളയിൽ തന്നെ പറഞ്ഞവരാണ് ഇവരെന്ന് എൻ.ഷംസുദ്ദീൻ (മുസ്‌ലിംലീഗ്) ചൂണ്ടിക്കാട്ടിയപ്പോൾ ക്രമപ്രശ്നവുമായി രാജു ഏബ്രഹാം എഴുന്നേറ്റു. താൻ സർക്കാരിനെ വിമർശിച്ചില്ലെന്നും ചില ഭാഗങ്ങൾ മാധ്യമങ്ങൾ അടർത്തിയെടുത്തതാണെന്നുമായിരുന്നു രാജുവിന്റെ വിശദീകരണം.

## ഇവർ അന്നുചെയ്ത 'കുറ്റം'



'ചെങ്ങന്നൂരിൽ സ്ഥിതി വളരെ ഗുരുതരമാണ്. ഒട്ടേറെപ്പേർ മരിച്ചു. മൃതദേഹങ്ങൾ എടുക്കാൻ കഴിയുന്നില്ല. ഒരാളും സഹായിക്കാനില്ല. രക്ഷാപ്രവർത്തനത്തിന് ഉടൻ സൈന്യം ഇറങ്ങണം. ഇല്ലെങ്കിൽ പതിനായിരങ്ങൾ മരിക്കും. കാലു പിടിച്ചു പറയുന്നു, ഒരു ഹെലികോപ്റ്ററെങ്കിലും തരൂ'

**സജി ചെറിയാൻ**
(ഓഗസ്റ്റ് 17ന് പറഞ്ഞത്)



'നല്ല മുന്നറിയിപ്പുണ്ടായിരുന്നെങ്കിൽ നമുക്ക് മഹാദുരന്തം ഒഴിവാകുമായിരുന്നു. രണ്ടാഴ്ച മുൻപ് രണ്ടു തവണ അറിയിപ്പുണ്ടായിരുന്നു. പക്ഷേ, ആ കൃത്യദിവസം മുന്നറിയിപ്പ് നൽകുന്ന കാര്യത്തിൽ അപാകത ഉണ്ടായെന്നതിൽ ഒരു സംശയവുമില്ല. ഇടുക്കിയിൽ ഉണ്ടാക്കിയിരുന്ന ഒരു റോഡ് മാപ്പ് ഇവിടെയുണ്ടായില്ല'

**രാജു ഏബ്രഹാം**
(ഓഗസ്റ്റ് 23ന് പറഞ്ഞത്)



'അണക്കെട്ട് തുറക്കുന്നതു സംബന്ധിച്ച് ജനങ്ങൾക്കു മുന്നറിയിപ്പ് കിട്ടിയിട്ടില്ല. വെള്ളപ്പൊക്കം ഏറ്റവുമധികം ബാധിച്ച പ്രദേശത്തെ എംഎൽഎയായ ഞാനും അണക്കെട്ട് തുറക്കുന്നത് അറിഞ്ഞിട്ടില്ല'

**ഒ.ആർ. കേളു**
(ഓഗസ്റ്റ് 10നു പറഞ്ഞത്)